SANTHWAM
Unity of Retired Aided College Teachers of Kerala

# NEWSLETTER

December 2023 Volume 1 Issue 03

## സർവകലാശാല –കോളേജ് പെൻഷൻകാർ രണ്ടാംഘട്ടപ്രക്ഷോഭത്തിലേക്ക്

**ആക്ഷൻ കൗൺസിൽ ഓഫ് റിട്ടയേർഡ് കോളേജ് ആന്റ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓഫ് കേരളയുടെ ആഭിമുഖ്യത്തിൽ**

# സെക്രട്ടേറിയറ്റ് മാർച്ചും സത്യാഗ്രഹവും

**2023 ഡിസംബർ 27**
**10 am - 4 pm**

- പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക മൂന്നും നാലും ഗഡു ക്കൾ ഉടൻ നൽകുക.
- 01–01–2016 മുതൽ 30–06–2019 വരെയുള്ള പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ ഉടൻ അനുവദിക്കുക.
- തടഞ്ഞുവച്ചിരിക്കുന്ന രണ്ടു ഗഡു ക്ഷാമാശ്വാസം ഉടൻ അനുവദിക്കുക.
- കുടിശ്ശികയായ ക്ഷാമാശ്വാസം അനുവദിക്കുക.
- 2016 ജനുവരി മുതൽ വിരമിച്ച അധ്യാപകരുടെ ശമ്പള കുടിശ്ശിക അനുവദിക്കുകയും ഫിക്സേഷൻ അനോമലി പരിഹരിക്കുകയും ചെയ്യുക.
- 80 വയസ്സുകഴിഞ്ഞ പെൻഷൻകാർക്ക് യു.ജി.സി. നിഷ്കർഷിക്കുന്ന അഡീഷണൽ ക്വാണ്ടം ഓഫ് പെൻഷൻ അനുവദിക്കുക.
- 2009 ന് ശേഷം വിരമിച്ച അധ്യാപകരുടെ പെൻഷൻ വെട്ടി ക്കുറയ്ക്കുവാനുള്ള നീക്കം ഉപേക്ഷിക്കുക.

**യുജിസി – എഐസിറ്റിഇ – മെഡിക്കൽ എഡ്യൂക്കേഷൻ പെൻഷൻകാരോടുള്ള വിവേചനത്തിനും അവഗണനയ്ക്കുമെതിരെ തുടർപ്രക്ഷോഭത്തിന് തയ്യാറാകുക.**

പ്രിയ സുഹൃത്തുക്കളെ,

യുജിസി പെൻഷൻ പരിഷ്ക്കരിച്ചുകൊണ്ട് സംസ്ഥാനസർക്കാർ അന്തിമ ഉത്തരവ് ഇറക്കിയത് 25.02.2021 ലാണ്. ആ ഉത്തരവിലുണ്ടായിരുന്ന നിരവധിയായ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ രണ്ടരവർഷമായി നാം പ്രക്ഷോഭത്തിലാണ്. വിരമിച്ച സർവ്വകലാശാല -കോളേജ് അധ്യാപകരുടെ സമരക്കൂട്ടായ്മയായ **ആക്ഷൻ കൗൺസിൽ ഓഫ് റിട്ടയേർഡ് കോളേജ് ആന്റ് യൂണിവേഴ്സിറ്റ് ടീച്ചേഴ്സിന്റെ** ആഭിമുഖ്യത്തിലും അതിലെ ഘടക സംഘടനയായ സാന്ത്വം നേരിട്ടും നിരവധി തവണ സർക്കാരിനും വകുപ്പുദ്യോഗസ്ഥർക്കും  രാഷ്ട്രീയ നേതാക്കൾക്കും നിവേദനങ്ങൾ നൽകുകയുണ്ടായി. യു.ജി.സി.-എ.ഐ.സി.ടി.ഇ- മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലുള്ള പെൻഷൻകാരോട് കാണിക്കുന്ന വിവേചനത്തിനും അവഗണനയ്ക്കുമെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള യാതൊരു നടപടിയും സർക്കാർ കൈക്കൊണ്ടില്ല. അതിൽ പ്രതിഷേധിച്ചുകൊണ്ട് 2022 നവംബർ 16-ാം തീയതി ആക്ഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നാം സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും നടത്തുകയുണ്ടായി. അതിനുശേഷവും നമ്മൾ സർക്കാരിനെ പലതവണ സമീപിച്ചു. എന്നാൽ നമ്മുടെ ന്യായമായ ആവശ്യങ്ങൾ ചർച്ച ചെയ്യാൻ ഒരവസരമുണ്ടാക്കണമെന്ന ആവർത്തിച്ചുള്ള അഭ്യർത്ഥനപോലും സർക്കാർ ചെവിക്കൊണ്ടില്ല.

ഈ സാഹചര്യത്തിലാണ് രണ്ടാംഘട്ടം പ്രക്ഷോഭത്തിലേക്ക് കടക്കാൻ സാന്ത്വവും ആക്ഷൻ കൗൺസിലും തീരുമാനമെടുത്തത്. സർക്കാർ സാമ്പത്തിക പ്രതിസന്ധിയിലാണ് എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കുന്നു. എന്നാൽ യുജിസി പെൻഷൻകാരോട് മാത്രം കാണിക്കുന്ന അവഗണനയും വിവേചനവും നമുക്ക് സഹിക്കാനാവുന്നതല്ല. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ വളർച്ചക്കും വികാസത്തിനുംവേണ്ടി എന്നും പ്രവർത്തിച്ചിട്ടുള്ളവരാണ് നമ്മൾ. നാം മുന്നോട്ടുവച്ച ന്യായമായ ആവശ്യങ്ങൾ നമ്മോട് ചർച്ച ചെയ്യാനും ഘട്ടംഘട്ടമായെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കാനും സർക്കാർ തയ്യാറാകേണ്ടതായിരുന്നു.

സംഘടിത ശക്തിയിലൂടെയും നിരന്തരമായ പ്രക്ഷോഭത്തിലൂടെയുമാണ് ഇതപര്യന്തമുള്ള നമ്മുടെ അവകാശങ്ങൾ നേടിയെടുത്തിട്ടുള്ളത്. വയോജനങ്ങളായ യുജിസി പെൻഷൻകാരെ തെരുവിലിറക്കാതിരിക്കാൻ എന്നും പണിയെടുക്കുന്നവരോടൊപ്പം നിന്നിട്ടുള്ള ഇടതുപക്ഷ സർക്കാർ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ നമ്മുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതുവരെ ശാന്തമായ പ്രക്ഷോഭവുമായി നാം മുന്നോട്ടുപോകും. നമ്മുടെ തുടർപ്രക്ഷോഭത്തിന്റെ അടുത്ത പടിയായി 2023 ഡിസംബർ 27 ന് നടക്കുന്ന സെക്രട്ടേറിയറ്റ് മാർച്ചിലും സത്യാഗ്രഹത്തിലും എല്ലാ സാന്ത്വം അംഗങ്ങളും അനുഭാവികളും പങ്കെടുത്ത് വിജയിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു.

**പ്രൊഫ.എ.പ്രതാപചന്ദ്രൻ നായർ (ജനറൽസെക്രട്ടറി, സാന്ത്വം)**

## പെൻഷൻ പരിഷ്ക്കരണത്തിലെ മുഖ്യ അപാകതകൾ

1. 01.01.2016 മുതൽ 01.07.2019 വരെയുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക നിഷേധിച്ചിരിക്കുന്നു.
2. 01.01.2016 നുശേഷം വിരമിച്ച അധ്യാപകരുടെ പെൻഷൻ പരിധി സംസ്ഥാനപെൻഷൻകാരുടെ പെൻഷൻപരിധിയായി നിശ്ചയിച്ചിരിക്കുന്നതിനാൽ അടിസ്ഥാന പെൻഷനിൽ തന്നെ വലിയ നഷ്ടം സംഭവിക്കുന്നു.
3. 01.01.2016 മുതൽ വിരമിച്ച അധ്യാപകർക്ക് ലഭിക്കേണ്ട ശമ്പളപരിഷ്കരണ കുടിശ്ശികപോലും നിഷേധിച്ചിരിക്കുന്നു.
4. 2016 ൽ വിരമിച്ചവർക്ക് പെൻഷൻ ഫിക്സേഷനിലുള്ള അപാകതമൂലം വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷനേക്കാൾ കുറയുന്ന അവസ്ഥ നിലനിൽക്കുന്നു.
5. 80 വയസ്സു പിന്നിട്ട മുതിർന്ന പെൻഷൻകാർക്ക് സംസ്ഥാന പെൻഷൻ പരിഷ്ക്കരണ ഉത്തരവിലേയും യു.ജി.സി. പെൻഷൻ പരിഷ്ക്കരണ ഉത്തരവിലേയും ആനുകൂല്യങ്ങൾ നിഷേധിച്ചിരിക്കുന്നു.
6. 2006 ലെ പെൻഷൻ പരിഷ്ക്കരണത്തിൽപോലും പരിഗണിച്ചിരുന്ന ബ്രോക്കൺ സർവ്വീസ് ഇത്തവണ പരിഗണിക്കുന്നില്ല.
7. ക്ഷാമാശ്വാസം അനുവദിക്കുന്ന കാര്യത്തിൽ കടുത്ത വിവേചനമാണ് യു.ജി.സി -എ.ഐസിറ്റിഇ- മെഡിക്കൽ എഡ്യൂക്കേഷൻ പെൻഷൻകാരോട് സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും 2020 ജൂലൈവരേയും ജുഡീഷ്യൽ ഓഫീസർമാർക്കും സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്കും 2022 ജൂലൈവരെയും ഉള്ള ക്ഷാമാശ്വാസം അനുവദിച്ചപ്പോൾ നമുക്ക് മാത്രം 2019 ജൂലൈവരെയുള്ള ക്ഷാമാശ്വാസം മാത്രമേ ഇതുവരെ അനുവദിച്ചിട്ടുള്ളു.

## കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷൻ വെട്ടിക്കുറയ്ക്കാൻ നീക്കം

പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട് ഇത്രയും വിഷയങ്ങൾ നിലനിൽക്കെ 28.08.2009 ന് ശേഷം സർവ്വീസിൽ നിന്നും വിരമിച്ച എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പെൻഷൻ വെട്ടിക്കുറയ്ക്കുവാനുള്ള ധൃതിപിടിച്ചുള്ള നീക്കം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ലീവ് വേക്കൻസിയിൽ ജോലി ചെയ്ത കാലയളവ് പെൻഷൻ നിർണ്ണയത്തിന് യോഗ്യമല്ലെന്ന ധനകാര്യ പെൻഷൻ വകുപ്പിന്റെ ഒരു കത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നടപടി. ഒരിക്കൽ നിർണ്ണയിച്ചുപോയ പെൻഷൻ 14 വർഷങ്ങൾക്കുശേഷം പുന: പരിശോധിക്കുവാനും വെട്ടിക്കുറയ്ക്കുവാനും നടത്തുന്ന ശ്രമം സാമാന്യനീതിക്ക് നിരക്കുന്നതല്ല. സർക്കാർ അതിൽ നിന്നും പിന്തിരിയണമെന്ന് സാന്ത്വം ആവശ്യപ്പെടുന്നു.

ഏഴാം യു ജി സി ശമ്പള /പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി കേരളത്തിലെ കാർഷിക സർവ്വകലാശാലയിലെയും വെറ്റിനറി സർവകലാശാലയിലെയും അധ്യാപകരുടെ ശമ്പളം/പെൻഷൻ പരിഷ്കരിക്കുന്നതിനാവശ്യമായിവരുന്ന തുകയുടെ 50% സംസ്ഥാനം നൽകേണ്ടതാണ്. എന്നാൽ മാത്രമേ കേന്ദ്രം ബാക്കി വരുന്ന തുക നൽകുകയുള്ളൂ എന്നുള്ളതുകൊണ്ട് പ്രസ്തുത തുക അനുവദിച്ചുകൊണ്ട് സർക്കാർ യഥാസമയം ഉത്തരവിറക്കി. ഈ നടപടിയെ സാന്ത്വം അഭിനന്ദിക്കുന്നു. ICAR നോട് കേന്ദ്ര ഫണ്ട് വാങ്ങുന്നതിനുള്ള നടപടിയെടുക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. 01.01.2016 മുതൽ 31.03.2019 വരെയുള്ള ശമ്പള/പെൻഷൻ വർധനയുടെ കുടിശ്ശികയാണ് ഈ തുക. എന്നാൽ സർവകലാശാലാ-കോളേജ് അധ്യാപകരുടെ കാര്യത്തിൽ ഈ കാലഘട്ടത്തിലുള്ള ശമ്പള കുടിശ്ശിക സർക്കാർ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ തരുന്നകാര്യം ആലോചിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്

## വിവേചനത്തിന്റെ പട്ടിക

1. 2021 ഫെബ്രുവരിയിൽ സംസ്ഥാനത്തെ മുഴുവൻ പെൻഷൻകാർക്കും 4 ഗഡു ക്ഷാമാശ്വാസം അനുവദിച്ചു. എന്നാൽ യു.ജി.സി. പെൻഷൻകാർക്കുമാത്രം അതിൽ രണ്ടുഗഡു നിഷേധിക്കുകയുണ്ടായി. യുജിസി പെൻഷൻകാർക്ക് കേന്ദ്രനിരക്കിലാണ് ക്ഷാമാശ്വാസം നൽകേണ്ടതെന്നും കേന്ദ്രം കോവിഡിന്റെ പശ്ചാത്തലത്തിൽ 2 ഗഡു മരവിപ്പിച്ചിരിക്കുന്നതിനാൽ ഇവിടെ യുജിസി പെൻഷൻകാർക്ക് തരാനാകില്ല എന്നുമാണ് ന്യായം പറഞ്ഞത്. കേന്ദ്ര സർക്കാർ പ്രസ്തുത ഗഡുക്കൾ പുനരനുവദിച്ചെങ്കിലും സംസ്ഥാനസർക്കാർ നമുക്ക് അത് നൽകാൻ കൂട്ടാക്കിയിട്ടില്ല. എന്നാൽ കേന്ദ്രസർക്കാർ നാളിതുവരെ പ്രഖ്യാപിച്ച എല്ലാ ക്ഷാമബത്തയും, ക്ഷാമാശ്വാസ ഗഡുക്കളും ഐ.എ.എസ്സുകാർക്കും ജ്യൂഡീഷ്യൽ ഓഫീസർമാർക്കും നൽകുവാൻ കേരള സർക്കാർ ഒരു താമസവും കാണിച്ചില്ല. സാമ്പത്തിക ഞെരുക്കം പ്രശ്നമായതുമില്ല.

2. സംസ്ഥാന പെൻഷൻകാർക്ക് ഓരോ അഞ്ചുവർഷം കൂടുമ്പോഴും കൃത്യമായി പെൻഷൻ പുതുക്കുകയും കുടിശ്ശിക പണമായി നൽകുകയും ചെയ്യുന്നു.പെൻഷൻ പരിഷ്ക്കരണ തീയതിക്കുശേഷം വിരമിച്ചവർക്ക് പരിഷ്ക്കരിച്ച പെൻഷന്റെ അടിസ്ഥാനത്തിൽ കമ്മ്യൂട്ടേഷനും അനുവദിക്കുകയുണ്ടായി. എന്നാൽ യു.ജി.സി പെൻഷൻകാർക്കുമാത്രം 2016 ജനുവരി മുതൽ 2019 ജൂൺ വരെയുള്ള മൂന്നര വർഷത്തെ പെൻഷൻ കുടിശ്ശിക നിഷേധിക്കുകയും ഈ കാലയളവിൽ വിരമിച്ചവർക്ക് പുതുക്കിയ പെൻഷന്റെ അടിസ്ഥാനത്തിലുള്ള കമ്മ്യൂട്ടേഷൻ തടയുകയും ചെയ്തു.

3. പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 80 വയസ്സായ പെൻഷൻകാർക്ക് സംസ്ഥാനസർക്കാർ 1000 രൂപ നിരക്കിൽ പ്രതിമാസം സ്പെഷ്യൽ കെയർ അലവൻസ് ആയി അനുവദിച്ചു. എന്നാൽ യു.ജി.സി.പെൻഷൻകാർക്ക് മാത്രം ആ ആനുകൂല്യം നിഷേധിക്കുകയുണ്ടായി. 80 വയസ്സുകഴിഞ്ഞ പെൻഷൻ കാർക്ക് യു.ജി.സി. നിഷ്കർഷിക്കുന്ന അഡീഷണൽ ക്വാണ്ടം ഓഫ് പെൻഷൻ തരുവാൻ തയ്യാറായിട്ടുമില്ല.ഇത് കടുത്ത അനീതിയാണ്.

4. സംസ്ഥാന ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരണത്തിന്റെ ഭാഗമായി നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷനിൽ കുറവു വരുന്നവർക്ക് സ്പെഷ്യൽ അലവൻസ് നൽകുവാനും അങ്ങിനെ നൽകുന്ന തുകയ്ക്ക് ക്ഷാമാശ്വാസത്തിന് അർഹതയുണ്ടായിരിക്കുമെന്നും സർക്കാർ ഉത്തരവുണ്ടായി. എന്നാൽ യു.ജി.സി. പെൻഷൻകാർക്ക് ഇത്തരം സ്പെഷ്യൽ അലവൻസിന് ക്ഷാമാശ്വാസം നൽകില്ല എന്നു കാണിച്ച് സർക്കാർ ഉത്തരവിറക്കി. ഇത് കടുത്ത വിവേചനമാണ്.

5. യു.ജി.സി. പെൻഷൻകാർക്ക് കേന്ദ്രപെൻഷൻ നിയമത്തിലെ പരമാവധി പെൻഷൻ അർഹതയുണ്ടെന്നിരിക്കെ അത് നിഷേധിക്കുകയും സംസ്ഥാന പെൻഷനിലെ ഉയർന്ന പെൻഷൻ തുക പരിധിയായി നിശ്ചയിക്കുകയാണുണ്ടായത്. എന്നാൽ സംസ്ഥാന കേഡറിലുള്ള ജ്യൂഡീഷ്യൽ ഓഫീസർമാർക്ക് കേന്ദ്രനിരക്കിന്റെ അടിസ്ഥാനത്തിലുള്ള പമാവധി പെൻഷൻ അനുവദിച്ച് സർക്കാർ ഉത്തരവിറക്കുകയുണ്ടായി.

6. കേന്ദ്രനിരക്കിലുള്ള പെൻഷനാണ് യു.ജി.സി പെൻഷൻകാർക്ക് ബാധകമാക്കേണ്ടത് എന്നാണ് കേരള സർക്കാരിനോട് നാം ആവർത്തിച്ച് ആവശ്യപ്പെട്ടത്. എന്നാൽ സംസ്ഥാന പെൻഷൻ നിയമമാണ് നമുക്ക് ബാധകമായിട്ടുള്ളത് എന്ന് ഉന്നതഉദ്യോഗസ്ഥർ നിലപാടെടുക്കുകയായിരുന്നു. അതേസമയം സംസ്ഥാനപെൻഷൻകാർക്ക് അനുവദിച്ച ക്ഷാമാശ്വാസവും, സ്പെഷ്യൽകെയർ അലവൻസും ചോദിച്ചപ്പോൾ നാം കേന്ദ്രപെൻഷൻ മേഖലയിലുള്ളവരാണെന്നു പറഞ്ഞ് അതെല്ലാം നിഷേധിക്കുകയാണുണ്ടായത്. ഇത് നഗ്നമായ അവഹേളനവും ഇരട്ടത്താപ്പുമാണ്.

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
**(കൺവീനർ, സർവ്വീസ് സെൽ)**

## കേരളത്തെ ശ്വാസംമുട്ടിക്കുന്ന കേന്ദ്രനയം

**കേന്ദ്ര**സർക്കാർ അപ്രഖ്യാപിത സാമ്പത്തിക ഉപരോധത്തിലൂടെ കേരള സർക്കാരിനേയും ജനതയേയും ശ്വാസം മുട്ടിക്കുകയാണ്. ഇതിനെതിരെ ശക്തമായ ജനകീയ ചെറുത്തുനിൽപ്പ് ഉയർന്നുവരേണ്ടതുണ്ട്. ഒരു സംസ്ഥാനത്തിന്റെ ധനസ്രോതസ്സ് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവും കേന്ദ്രറവന്യൂ വിഹിതവും വിവിധ ഗ്രാന്റുകളിലൂടെ കേന്ദ്രം നൽകുന്ന ധനസഹായവും സംസ്ഥാനത്തിന് എടുക്കാൻ പറ്റുന്ന വായ്പയുമാണ്. കേരളത്തിന്റെ സമ്പത്തികസ്ഥിതി സംബന്ധിച്ച് ഇവിടുത്തെ പ്രതിപക്ഷകക്ഷികളും കേന്ദ്രം ഭരിക്കുന്നവരും ഒരേസ്വരത്തിലുള്ള ദുഷ്പ്രചരണമാണ് സംസ്ഥാന സർക്കാരിനെതിരെ നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനം തനത് വരുമാനം വർദ്ധിപ്പിക്കുന്നില്ല, അനാവശ്യമായ കടമെടുപ്പ് നടത്തുകയാണ്, കേന്ദ്രം തരാനുള്ളതെല്ലാം യഥാസമയം നൽകുന്നുണ്ട്, അത് ക്രിയാത്മകമായി വിനിയോഗിക്കുന്നില്ല എന്നിങ്ങനെയാണ് പ്രചരണം നടക്കുന്നത്. കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ ഏതാനും ദിവസങ്ങൾക്കുമുൻപ് കേരളത്തിൽ വന്ന് ഇതേ രീതിയിലുള്ള തെറ്റിദ്ധാരണാജനകമായ പരാമർശങ്ങൾ നടത്തുകയുമുണ്ടായി. ഈ സന്ദർഭത്തിൽ എന്താണ് ഈ പ്രചരണത്തിന്റെയൊക്കെ നിജസ്ഥിതി എന്നു മനസ്സിലാക്കുവാനും സത്യം പൊതുസമൂഹത്തിൽ പ്രചരിപ്പിക്കുവാനും അഭ്യസ്തവിദ്യരുടെ കൂട്ടായ്മയായ സാന്ത്വത്തിന് ഉത്തരവാദിത്വമുണ്ട്.

സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനം 2022 മാർച്ചിൽ 58,300 കോടി രൂപ ആയിരുന്നുവെങ്കിൽ അത് 2023 മാർച്ച് ആയപ്പോഴേയ്ക്കും 71,900 കോടി രൂപയായി വർദ്ധിക്കുകയാണുണ്ടായത്. എന്നാൽ കേന്ദ്ര റവന്യൂ വിഹിതം 2022 മാർച്ചിൽ 47800 കോടി ആയിരുന്നത് 2023 മാർച്ചിൽ 45608 കോടിയായി കുറയുകയുമാണുണ്ടായത്. സംസ്ഥാനത്തിന്റെ കടമെടുക്കുവാനുള്ള പരിധി കേന്ദ്രം വെട്ടിക്കുറിച്ചിരിക്കുകയാണ്. ഈ വർഷം റവന്യൂ കമ്മി ഗ്രാന്റിൽ 8400 കോടി രൂപ സംസ്ഥാനത്തിന് കുറയും. ജി എസ് ടി നഷ്ടപരിഹാരം നിർത്തിയതിന്റെ ഭാഗമായി 12000 കോടി രൂപ വേറെയും നഷ്ടമുണ്ടാകും.. അങ്ങനെ വായ്പാപരിധി വെട്ടിക്കുറച്ചുകൊണ്ടും

കേന്ദ്രവിഹിതം വെട്ടിക്കുറച്ചുകൊണ്ടും കേന്ദ്രം നടത്തുന്ന വിവേചനവും ഇരട്ടത്താപ്പുമാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കത്തിന് കാരണമായിട്ടുള്ളത്. കേരളത്തിന്റെ റവന്യൂ മൂലധന ഇനത്തിലുള്ള മൊത്തം ചെലവ് 2021 മാർച്ചിൽ 1.39 ലക്ഷം കോടി രൂപയും 2023 മാർച്ചിൽ 1.59 ലക്ഷംകോടി രൂപയുമാണ്. 2022 മാർച്ചിലും 2023 മാർച്ചിലും ഉണ്ടായ വരവും ചെലവും തമ്മിൽ താരതമ്യപ്പെടുത്തിയാൽ കേരളം ഇന്ന് നേരിടുന്ന ധനഞെരുക്കത്തിന്റെ അടിസ്ഥാന കാരണം കേന്ദ്രറവന്യൂ വിഹിതത്തിലും വായ്പാ അനുമതിയിലും വന്ന കുറവാണ് എന്ന് വ്യക്തമാകും. കേന്ദ്ര ധനമന്ത്രി അവകാശപ്പെടുന്നതുപോലെ സംസ്ഥാനത്തിന് അർഹമായ ധനകമ്മി ഗ്രാന്റ് നൽകുവാൻ കേന്ദ്രം ഇതുവരെ തയ്യാറായിട്ടില്ല.

കേന്ദ്രസർക്കാരിന്റെ ധനനയങ്ങളും നികുതിസമ്പ്രദായത്തിലെ മാറ്റവുംമൂലം കേരളത്തിനുണ്ടായ വിഭവനഷ്ടങ്ങളുടെയും നികുതിപിരിവിനുള്ള അധികാരത്തിൽ വരുത്തിവച്ച വെട്ടിക്കുറവിന്റേയും ഭാഗമായി സംസ്ഥാനത്തിന് വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. അതുപരിഹരിക്കുന്നതിനുവേണ്ടി കേന്ദ്രം അനുവദിക്കുന്ന ഗ്രാന്റാണ് 'റവന്യൂ കമ്മിഗ്രാന്റ്'. ഇത് കേന്ദ്രത്തിന്റെ സൗജന്യമല്ല, കേരളത്തിന്റെ അവകാശമാണ്. എന്നാൽ ഈ ഇനത്തിൽ കേരളത്തിന് അർഹമായതിന്റെ പകുതിപോലും കേന്ദ്രം നൽകിയിട്ടില്ല. 10-ാം ധനകാര്യകമ്മീഷന്റെ കാലത്ത് 3.875 ശതമാനമായിരുന്നു 'ഡിവിസിബിൾ' പൂളിൽ നിന്നും കേരളത്തിന് അനുവദിച്ചുവരുന്ന വിഹിതം. അത് 15-ാം ധനകമ്മീഷനായപ്പോൾ 1.925 ശതമാനമായി കുറയുകയുണ്ടായി. 2023 ൽ കേരളത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വായ്പാനുപാതത്തിലും ഇതര തുകകളിലും മുൻവർഷങ്ങളെ അപേക്ഷിച്ച് 57,400 കോടി രൂപ കുറയുകയുണ്ടായി. കേന്ദ്രസർക്കാർ കേരളത്തിൽ നിന്നും നികുതിയും മറ്റുമായി ഒരു വർഷം 66141 കോടി രൂപാ പിരിച്ചെടുക്കുമ്പോൾ നികുതി വിഹിതവും ഗ്രാന്റുകളും കേന്ദ്രാവിഷ്കൃത പദ്ധതികളും എല്ലാമായി ഒരു വർഷം കേരളത്തിന് തരുന്നത് 30789 രൂപ മാത്രമാണ് (46.55%) സംസ്ഥാനത്തിന്റെ തനത് വരുമാനം 45 ശതമാനം കണ്ട് വർദ്ധിപ്പിച്ചില്ലായിരുന്നെങ്കിൽ സ്ഥിതി അതീവ ഗുരുതരമാകുമായിരുന്നു. കേന്ദ്രസർക്കാരിന്റെ ആകെ കടം 2023 മാർച്ചിൽ 155.77 ലക്ഷം കോടി രൂപ ആണ്. അത് 2024 മാർച്ച് ആകുമ്പോൾ 172.50 ലക്ഷം കോടി രൂപയുമാണ്. എന്നാൽ സംസ്ഥാനത്തിന്റെ കടം 2023 മാർച്ചിൽ 3.33 ലക്ഷം കോടി രൂപയാകും. അത് കേന്ദ്ര കടത്തിന്റെ 2 ശതമാനത്തിൽ താഴെ മാത്രമാണ്. സംസ്ഥാനത്തിന്റെ വരുമാന മാർഗ്ഗങ്ങൾ ഇല്ലാതാക്കുകയും അർഹമായത് നൽകാതിരിക്കുകയും ചെയ്യുന്ന നയം ഫെഡറൽ തത്വങ്ങളുടെ നഗ്നമായ ലംഘനമാണ്.കേന്ദ്രസർക്കാർ സ്വന്തം കാര്യത്തിൽ നടപ്പിലാക്കാൻ തയ്യാറാകാത്ത കടമെടുപ്പ് പരിധി നിർണ്ണയിക്കൽ കേരളത്തിനുമേൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്.

## സാമ്പത്തിക അടിയന്തിരാവസ്ഥയോ ലക്ഷ്യം?

ഭരണഘടനയുടെ 360-ാം വകുപ്പ് പ്രകാരം രാജ്യത്തിലാകെയോ ഏതെങ്കിലും സംസ്ഥാനങ്ങളിലോ സാമ്പത്തിക സുസ്ഥിരതയോ കടഭാരമോ ഉണ്ടായിരിക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ ഇന്ത്യൻ പ്രസിഡന്റിന് ധനകാര്യഅടിയന്തിരാവസ്ഥ പ്രഖ്യാപിക്കാം. രണ്ടു മാസത്തിനുള്ളിൽ പാർലമെന്റിലെ ഇരുസഭകളും അതിന് അംഗീകാരം നൽകിയാൽ മതി. 360-ാം വകുപ്പ് നടപ്പിലാക്കുന്നതിനുള്ള സാധ്യത കേരളസംസ്ഥാനത്തിനുണ്ടോ എന്നതുസംബന്ധിച്ച് ഗവർണർ കുലംകഷമായി ചിന്തിക്കുകയാണ്. അതിനായി പരാതികൾ എഴുതി വാങ്ങിക്കുകയും സർക്കാരിനയച്ച് അതിനുള്ള നടപടിക്രമം പൂർത്തിയാക്കുകയും ചെയ്യുവാനുള്ള നീക്കം ഗവർണർ നടത്തുകയാണ്. എന്നും കുത്സിത ചിന്തയോടെ മാത്രം ഇടതുപക്ഷത്തെ കണ്ടിട്ടുള്ള ചില കോൺഗ്രസ്സുകാരും ഇതിനു പിന്നിലുണ്ട്. ധനകാര്യ അടിയന്തിരാവസ്ഥ വന്നാലുള്ള വിപത്ത് അവർ അറിയുന്നുണ്ടോ എന്നറിയില്ല...

- ജീവനക്കാരുടെ ശമ്പളവും അലവൻസുകളും വെട്ടിക്കുറയ്ക്കപ്പെടും.
- സംസ്ഥാനത്തിന്റെ ഭരണപ്രവർത്തനങ്ങളിൽ ഗവർണറുടെ ഇടപെടലും നിയന്ത്രണവുമുണ്ടാകും.
- സംസ്ഥാനത്തിന്റെ ജനക്ഷേമപ്രവർത്തനങ്ങൾ സാമ്പത്തിക ഉപരോധം പറഞ്ഞ് ഇവർക്ക് തടഞ്ഞുവയ്ക്കാനാകും.
- ക്ഷേമപെൻഷനുകളും തുച്ഛവരുമാനക്കാർക്കുള്ള ആനുകൂല്യങ്ങളും ചെലവു ചുരുക്കലിന്റെ പേരുപറഞ്ഞ് നിരോധിക്കപ്പെടും.

## യു ജി സി കുടിശ്ശികയുടെ നിഷേധം ഭരണഘടനാ വിരുദ്ധം :

ഏഴാം യു ജി സി ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയുടെ 50% കേന്ദ്രം സംസ്ഥാനത്തിന് നൽകുമെന്നാണ് വ്യവസ്ഥയുണ്ടായിരുന്നത്. ഇതനുസരിച്ച് കേരള സർക്കാർ നിശ്ചിത തീയതിക്കകംതന്നെ പ്രൊപോസൽ നൽകുകയുമുണ്ടായി. എന്നാൽ ചില തെറ്റുകൾ ചൂണ്ടിക്കാണിച്ചു തിരുത്തിത്തരുവാൻ കേന്ദ്ര മാനവ ശേഷി വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ചു സംസ്ഥാന സർക്കാർ വേണ്ട തിരുത്തലു കൾ വരുത്തി 31.03.2022 ന് മുൻപുതന്നെ പുന:സമർപ്പിക്കുകയുമുണ്ടായി. എന്നാൽ നിശ്ചിതസമയം കഴിഞ്ഞുവെന്ന് പറഞ്ഞു ഗ്രാൻഡ് നിഷേധിക്കുകയാണുണ്ടായത്. ഇത് ഇന്ത്യയുടെ ഫെഡറൽ തത്വങ്ങളോടുള്ള വെല്ലുവിളിയാണ്.
സംസ്ഥാനത്തിന് അർഹമായ പല കേന്ദ്ര ഗ്രാന്റുകളും യഥാസമയം തരാതെ വച്ചു താമസിപ്പിക്കുന്ന കേന്ദ്ര സർക്കാരാണ് ഈ ഇരട്ടത്താപ്പ് സംസ്ഥാനത്തോട് കാണിക്കുന്നത്.

## ഗവർണറുടെ ജനാധിപത്യവിരുദ്ധ നടപടിയിൽ പ്രതിഷേധിക്കുക..

കേരളത്തിലെ സർവകലാശാലകളിൽ സംഘപരിവാറിന്റെയും ആർ എസ് എസ്. ന്റെയും പ്രതിനിധികളെ അനധികൃതമായി തിരുകിക്കയറ്റാനുള്ള കേരള ഗവർണറുടെ നീക്കം ജനാധിപത്യ വിരുദ്ധവും നീതിയുടെ നിഷേധവുമാണ്. ബഹു. കേരള ഹൈക്കോടതി ഇതുമായി ബന്ധപ്പെട്ടുള്ള പരാതിയിൽ ഗവർണറുടെ നടപടിയെ ചോദ്യം ചെയ്തിരിക്കയാണ്. സർക്കാരിനെതിരെ ഗവർണർ നടത്തുന്ന പച്ചയായ രാഷ്ട്രീയക്കളി അപലപനീയവും ഭരണഘടനാ തത്വങ്ങളുടെ ലംഘനവുമാണ്. ഇതിനെതിരെ ശക്തമായി പ്രതിഷേധിക്കുക.